"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - ജീവനക്കാര്യം - ശ്രീ മുഹമ്മദ് ഇസ്മയിൽ. ടി. വി., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒറിജിനൽ ആപ്ലിക്കേഷൻ (ഇ.കെ.എം) 1591/2024 നമ്പർ കേസിന്മേലുള്ള ട്രിബ്യൂണലിൻറെ 09.12.2024-ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.187/2025/SJD തീയതി,തിരുവനന്തപുരം, 06-07-2025

---

പരാമർശം:-

1. സർക്കാരിന്റെ 13.08.2019-ലെ എ.2/89/2018/സാ.നീ.വ നമ്പർ. കത്ത്
2. സാമൂഹ്യനീതി ഡയറക്ടറുടെ 15.07.2020-ലെ എസ്.ജെ.ഡി/2399/2020-ഇ.5 നമ്പർ കുറ്റപത്രവും, കുറ്റാരോപണ പത്രികയും
3. സാമൂഹ്യനീതി ഡയറക്ടറുടെ 24.07.2024-ലെ എസ്.ജെ.ഡി/2399/2020-ഇ.5 നമ്പർ നടപടിക്രമം
4. സാമൂഹ്യനീതി ഡയറക്ടറുടെ 27.09.2024 ലെ എസ്.ജെ.ഡി/2399/2020-ഇ.5 നമ്പർ നടപടിക്രമം
5. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൻറെ ഒ.എ.(ഇ.കെ.എം.) 1591/2024 നമ്പർ കേസിലെ 9.12.2024-ലെ ഉത്തരവ്

**ഉത്തരവ്**

സാമൂഹ്യനീതിവകുപ്പിന്റെ നിയന്ത്രണത്തിൽ മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ വനിതാ-ശിശുവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതുമായ മലപ്പുറം ജില്ലയിൽ തൂണേരിയിൽ പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം (ഐ.സി.ഡി.എസ്.) പ്രോജക്ട് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ മുഹമ്മദ് ഇസ്മയിൽ. ടി. വി., തന്നെ സർക്കാർ സർവ്വീസിൽനിന്ന് പരാമർശം 4-പ്രകാരം നീക്കംചെയ്ത സാമൂഹ്യനീതിഡയറക്ടറുടെ നടപടി പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് സാമൂഹ്യനീതിവകുപ്പ് സെക്രട്ടറിക്ക് 31.10.2024-ൽ അപ്പീൽ സമർപ്പിച്ചിരുന്നു. ആയത് അനുബന്ധം A16 ആയി ചേർത്ത് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒറിജിനൽ ആപ്ലിക്കേഷൻ (ഇ.കെ.എം) 1591/2024 നമ്പർ കേസായി ഫയൽ ചെയ്തു. പ്രസ്തുത കേസിലെ പരാമർശം 5 പ്രകാരമുള്ള ഉത്തരവിൽ, ടിയാൻ സർക്കാരിൽ സമർപ്പിച്ച A16 അപ്പീൽ പരിഗണിച്ച് മൂന്നുമാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കേസിലെ 2-ാം എതിർകക്ഷിയായ സാമൂഹ്യനീതിവകുപ്പ് സെക്രട്ടറിക്ക്

ബഹു. ട്രൈബ്യൂണൽ നിർദ്ദേശംനൽകിയിരുന്നു.

2. ടിയാൻ സമർപ്പിച്ച അപ്പീലിലെ ആവശ്യങ്ങൾ ചുവടെച്ചേർക്കുന്നു. ടിയാൻ സാമൂഹ്യനീതി വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പി.എസ്.സി മുഖേന നിയമിക്കപ്പെട്ടുകയും 23.3.2005 മുതൽ റഗുലർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരികയുമായിരിന്നു. കോഴിക്കോട് ജില്ലയിലെ തൂണേരി ഐ.സി.ഡി.എസിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 15.4.2017 മുതൽ കുടുംബപരവും അനാരോഗ്യപരവുമായ കാരണങ്ങളാൽ അവധിയിൽ പ്രവേശിക്കേണ്ടതായിവന്നു. എന്നാൽ, ശാരീരികാവശത വർദ്ധിച്ചതിനാൽ അപേക്ഷിച്ച അവധിക്കാലയലളവ് തീർന്നതിനെത്തുടർന്ന് ജോലിയിൽ തിരികെ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് 15.7.2020-ൽ തനിയ്ക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിനായി കുറ്റപത്രവും കുറ്റാരോപണപത്രികയും സാമൂഹ്യനീതി ഡയറക്ടറിൽനിന്ന് ലഭിക്കുകയുണ്ടായി. 15.04.2017 മുതൽ 10.08.2017 വരെയുള്ള അവധിക്ക തുടർച്ചയായി 11.08.2017 മുതൽ 15.04.2018 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി 03.10.2017-ൽ അവധി അപേക്ഷ മലപ്പുറം ജില്ലയിൽ തൂണേരിയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിലെ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർ പ്പിച്ചിരുന്നുവെന്നും, തൂണേരി ശിശു വികസന പദ്ധതി ഓഫീസർ പ്രസ്തുത അവധിദിനങ്ങൾ 120 ദിവസം അധികരിക്കുന്നതിനാൽ 15.04.2017 വരെ ജീവനക്കാരന് അനുവദിച്ച നൽകിയ അവധി ഉത്തരവ് റദ്ദുചെയ്ത് 15.04.2017 മുതൽ 15.04.2018 വരെയുള്ള ഒരു വർഷക്കാലത്തേക്ക് വ്യക്തിപരമായ ആവശ്യങ്ങൾക്കായി ജീവനക്കാരന് അവധിയനുവദിക്കുന്നതിനായി അവധി അപേക്ഷ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയയ്ക്കുകയുണ്ടായി. എന്നാൽ, ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനായി സർവ്വീസ് ബുക്ക് സർക്കാരിൽ ആയിരുന്നതിനാൽ പ്രസ്തുത അവധി അനുവദിച്ചില്ലെന്നും, 14.04.2018-ന ശേഷം ടിയാൻ ജോലിയിൽ പ്രവേശിച്ചിരുന്നുവെന്ന് ടി സ്ഥാപന ശിശു വികസന ഓഫീസർ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നുവെന്നും, തുടർന്ന് 16.04.2018 മുതൽ 19.02.2019 വരെ ശൂന്യവേതനാവധി ആവശ്യപ്പെട്ട് 21.01.2019-ൽ വീണ്ടും ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ ടി അപേക്ഷയിൽ തീരുമാനം ആകാതിരുന്നതിനാലും ടിയാൻ ജോലി ചെയ്തിരുന്ന പോസ്റ്റിൽ മറ്റൊരാളെ നിയമിച്ചിരുന്നതിനാലും 19.02.2019-നുശേഷം ടിയാൾ ജോലിയിൽ പ്രവേശിച്ചില്ലെന്നും, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടും ആയത് പരിഗണിച്ചില്ലെന്നും പിന്നാലെ വകുപ്പുതല അച്ചടക്കനടപടി സാമൂഹ്യനീതി ഡയറക്ടർ ആരംഭിക്കുകയും സാമൂഹ്യനീതി ഡയറക്ടർ തന്നെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും ഉണ്ടായിയെന്നും, ഈ സാഹചര്യത്തിൽ തന്നെ സർവ്വീസിൽനിന്ന് പിരിച്ചുവിട്ട സാമൂഹ്യനീതി ഡയറക്ടറുടെ നടപടി പുനഃപരിശോധിക്കണമെന്നാണ് പരാതിക്കാരനായ ശ്രീ മുഹമ്മദ് ഇസ്മയിൽ ടി. വി.-യുടെ 31.10.2024-ലെ അപ്പീലിലെ ആവശ്യം.

3. ശ്രീ. മുഹമ്മദ് ഇസ്മയിൽ. ടി. വി.-യെ 04.04.2025-ൽ ഈ വകുപ്പിന്റെ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. പരാതിക്കാരന്റെ അഡ്വക്കേറ്റും സാമൂഹ്യനീതി വകുപ്പിൽനിന്ന് അഡ്മിനിസ്റ്റേറ്റീവ് ഓഫീസറും, ജൂനിയർ സൂപ്രണ്ടും ഹാജരായിരുന്നു. പ്രസ്തുത ഹിയറിംഗ് വേളയിൽ അപ്പീലിന് ആസ്പദമായ വസ്തുതകൾ സംബന്ധിച്ച് പരാതിക്കാരൻ വിശദമാക്കുകയുണ്ടായി. തന്നെ സർവ്വീസിൽനിന്ന് നീക്കം ചെയ്ത ഡയറക്ടറുടെ

നടപടി റദ്ദുചെയ്ത് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണമെന്നും താൻ അവധിയിൽ പ്രവേശിച്ചതിനും കൃത്യസമയത്ത് അവധി അപേക്ഷ സമർപ്പിക്കാത്തതിനും അപ്പീലിൽപ്പറയുന്ന കാര്യങ്ങൾതന്നെ ടിയാൻ ആവർത്തിച്ചു. പ്രസ്തുത ഹിയറിംഗ് വേളയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽനിന്നു നൽകിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്

സാമൂഹ്യനീതി വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടതും 23.03.2005 മുതൽ റഗുലർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവന്നതുമായ ശ്രീ മുഹമ്മദ് ഇസ്മയിൽ. ടി. വി., മലപ്പുറം ജില്ലയിൽ തൂണേരിയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ ജോലിചെയ്തുവരവേ 12.04.2005 മുതൽ 31.07.2007 വരെ KSR Appendix XIIB പ്രകാരം അവധിയിൽ പ്രവേശിക്കുകയും 21.08.2007-ൽ സർവ്വീസിൽ തിരികെ പ്രവേശിക്കുകയും ചെയ്തു. 01.08.2007 മുതൽ 21.08.2007 വരെയുള്ള പ്രവേശനകാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തിനൽകിയിരുന്നു. തുടർന്ന് വിവിധ കാലയളവുകളിലായി ടിയാൻ ശൂന്യവേതനാവധി ഉപയുക്തമാക്കുകയുംചെയ്തു. 15.04.2017 മുതൽ 10.8.2017 വരെ കുടുംബപരവും അനാരോഗ്യപരവുമായ കാരണങ്ങളാൽ ടിയാൻ അവധിയിൽ പ്രവേശിച്ചിരുന്നു. അവധിക്കാലയളവ് കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാതെ 11.08.2017 മുതൽ 14.04.2018 വരെ ശൂന്യവവേതനാവധി അനുവദിക്കുന്നതിനായി 03.10.2017 തീയതിയിലാണ് ടിയാൻ അപേക്ഷ സമർപ്പിച്ചത്. ജീവനക്കാരന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള അപേക്ഷ സർവ്വീസ് ബുക്ക് ഉൾപ്പെടെ സർക്കാരിൽ ആയതിനാൽ അവധി അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിച്ചില്ലെന്നും, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് ആവശ്യമായ രേഖകൾ (MOP പാസായ സർട്ടിഫിക്കറ്റ്, പരീക്ഷ കലണ്ടർ) ടിയാൻ ഹാജരാക്കാതിരുന്നതിനെതുടർന്നാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരുന്നതെന്നും, അവധി അനുവദിച്ച് കിട്ടാതെതന്നെ ടിയാൻ അവധിയിൽ തുടർന്നുവെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

16.4.2018 മുതൽ 19-02-2019 വരെ അവധി ദീർഘിപ്പിക്കുന്നതിനായി 21.1.2019-ലാണ് ജീവനക്കാരൻ തുടർന്ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 20-02-2019 മുതൽ ജീവനക്കാരനിൽ നിന്നും തുടർന്ന് യാതൊരുവിധ അറിയിപ്പും ലഭ്യമായിരുന്നില്ല. അനധികൃതമായി ജീവനക്കാരൻ ജോലിക്ക് ഹാജരാകാത്തതിനാൽ ജീവനക്കാരനെതിരേ അച്ചടക്കനടപടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയും, 19.2.2019-നു ശേഷം അവധിയപേക്ഷ നൽകുകയോ ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്ത ശ്രീ.മുഹമ്മദ് ഇസ്മായിൽ ടി.വിയ്ക്കെതിരായി 1960-ലെ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ പരാമർശം 1 പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുമുണ്ടായി എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു. അനധികൃതമായി ജോലിയിൽ നിന്നും നിരന്തരം വിട്ടുനിൽക്കുക, നിശ്ചിത സമയത്ത് അവധി അപേക്ഷ സമർപ്പിക്കാതിരിക്കുക. നിശ്ചിത സമയത്ത് അവധി സമർപ്പിക്കാത്തതിനെതിരെ വിശദീകരണം ആവശ്യപ്പെടുകയും ഇനിമേലിൽ ഇത്തരത്തിൽ ആവർത്തിക്കുകയില്ലായെന്ന് മറുപടി നൽകുകയും തുടർന്നും അതേ തെറ്റ് നിരന്തരമായി ആവർത്തിക്കുക, മൂന്ന് വർഷത്തിലധികമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുക എന്നീ ഗുരുതരമായ അച്ചടക്കലംഘനം നടത്തിയ ശ്രീമുഹമ്മദ് ഇസ്മായിൽ.ടി.വിയ്ക്കെതിരെ 1960-ലെ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള കഠിനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്

പരാമർശം 2 പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. തുടർന്ന് ശ്രീമുഹമാദ് ഇസ് മായിൽ.ടി.വി പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.

മാതാപിതാക്കളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വീട്ടിൽ നിന്നും മാറി നിൽക്കാൻ കഴിയാത്ത സാഹചര്യമാണെന്നും തന്റെ ഭാഗത്ത് നിന്നും ലീവ് അപേക്ഷ സമർപ്പിക്കുന്നതിൽ വീഴ്ച്ചയുണ്ടായിട്ടുണ്ടെന്നും 15-04-2018 മുതൽ ജോലിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവ് ശൂന്യവേതനാവധിയായി പരിഗണിക്കണമെന്നും അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കി ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്നും പ്രതിവാദപത്രിക മുഖേന ശ്രീമുഹമ്മദ് ഇസ്മായിൽ.ടി.വി അപേക്ഷിക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുമ്പാകെ ടിയാൻ ഹിയറിംഗിനായി ഹാജരാകുയുണ്ടായി. ജീവനക്കാരനെ നേരിൽ കേട്ടപ്പോൾ ടിയാൻ ബോധിപ്പിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ഡയറക്ടർ ശ്രീമുഹമ്മദ് ഇസ്മായിൽ ടി.വി നിരന്തരം അവധിയിൽ പ്രവേശിക്കുകയും അവധിയിൽ പ്രവേശിച്ചതിനുശേഷം അവധിക്കാലാവധി ദീർഘിപ്പിക്കുകയും അവധിയക്കൗണ്ടിലെ അവധികൾ ഉപയുക്തമാക്കിയശേഷം ദീർഘകാല ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും തുടർന്നുള്ള അവധിയപേക്ഷ യഥാസമയം നൽകാതിരിക്കുകയും, അവധി വീണ്ടും ദീർഘിപ്പിക്കുകയും കഴിഞ്ഞ 7 വർഷക്കാലമായി സേവനത്തിൽനിന്ന് പരിപൂർണ്ണമായി വിട്ടുനിൽക്കുന്നത് സംബന്ധിച്ചും വസ്തുനിഷ്ഠമായ കാരണം ബോധ്യപ്പെടുത്തുവാൻ ജീവനക്കാരന് സാധിച്ചിട്ടില്ല. ടിയാന്റെ സേവനകാലയളവിൽ നിരവധിതവണ ഉത്തരവാദിത്വബോധമില്ലാതെ അകാരണമായി അവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും കഴിഞ്ഞ ഏഴുവർഷക്കാലമായി സർവ്വീസിൽനിന്ന് പരിപൂർണ്ണമായി വിട്ടുനിൽക്കുന്നുവെന്നും, ഓഫീസ് പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നവിധം യഥാസമയം അവധിയപേക്ഷ സമർപ്പിക്കാതെ ഒരു മുന്നറിയിപ്പും കൂടാതെ ഓഫീസിൽനിന്ന് നിരന്തരമായി വിട്ടുനിൽക്കുന്നത് പതിവാണെന്നും, ടിയാനെ സാമൂഹ്യനീതിവകുപ്പിൽ പുനഃപ്രവേശിപ്പിക്കുന്നത് വകുപ്പിന് ഗുണകരമല്ലായെന്ന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമുണ്ടെന്ന് നിരീക്ഷിച്ച ഡയറക്ടർ, ശ്രീ.മുഹമ്മദ് ഇസ്മായിൽ ടി.വി-യ്ക്കെതിരേ സ്വീകരിച്ചുവരുന്ന വകുപ്പുതല അച്ചടക്കനടപടി 1960-ലെ കേരള സിവിൽ സർവ്വീസസ് റൂൾസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 11 (1)(vii) പ്രകാരം ജീവനക്കാരനെ സർവ്വീസിൽനിന്ന് നീക്കംചെയ്ത് അച്ചടക്കനടപടി തീർപ്പുകൽപ്പിച്ച് പരാമർശം 3 പ്രകാരം പ്രാഥമിക ഉത്തരവ് പുറപ്പെടുവിക്കുകയും പിന്നീട് പ്രസ്തുത ഉത്തരവ് സ്ഥിരപ്പെടുത്തുകയും ചെയ്യുവെന്നും റിപ്പോർട്ടുചെയ്തു.

4. സർക്കാർ അപേക്ഷകൻറെ വാദങ്ങളും ഡയറക്ടറുടെ റിപ്പോർട്ടും വിശദമായി പരിശോധിച്ചു. ശ്രീ. മുഹമ്മദ് ഇസ്മയിൽ. ടി. വി. അനധികൃതമായി ജോലിയിൽനിന്ന് വിട്ടുനിന്നുവെന്ന് വ്യക്തമാണ്. അവധിക്കാലയളവ് തീരുമ്പോൾ അത് ദീർഘിപ്പിക്കുന്നതിന് കൃത്യസമയത്ത് അപേക്ഷ നൽകുന്നതിനോ അവധിയപേക്ഷ അംഗീകരിച്ചുകിട്ടുന്നതിനോ ടിയാൻ ഉത്സാഹം കാണിക്കുകയോ ചെയ്യുതായിക്കാണുന്നില്ല. മാത്രമല്ല, വകുപ്പുവിഭജനസമയത്ത് ഏതുവകുപ്പിൽ നിയമനത്തിനായി പരിഗണിക്കണമെന്നുള്ള ഓപ്ഷൻ വകുപ്പ് ഡയറക്ടർ മുമ്പാകെ സമർപ്പിക്കാതെയുമിരുന്നു. തീർത്തും നിരുത്തരവാദപരമായ സമീപനമാണ് ടിയാൻറെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് രേഖകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നു.

മാതാപിതാക്കളുടെ രോഗമാണ് ടിയാൻ ജോലിയ്ക്ക് ഹാജരാകാത്തതിന്റെ പ്രധാന കാരണമായി പറയുന്നത്. ടിയാന് ആരോഗ്യ പ്രശ്നം ഉണ്ടെന്നും പറയുന്നു. എന്നിരുന്നാലും അവധി എടുക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ചട്ടങ്ങൾ ഒരു ജീവനക്കാരൻ കൃത്യമായി പാലിക്കേണ്ടതുണ്ട്. ടിയാൻ അത് പാലിച്ചിട്ടില്ല. മേജർപെനാൽറ്റിയുമായി ബന്ധപ്പെട്ട് KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15-പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് സാമൂഹ്യനീതി ഡയറക്ടർ ടിയാനെ സർവ്വീസിൽനിന്ന് നീക്കം ചെയ്തതെന്ന് കാണുന്നു. ടിയാൻ വകുപ്പ് വിഭജനസമയത്ത് (സാമൂഹ്യനീതി / വനിതാ-ശിശുവികസനവകുപ്പ് എന്നീ ക്രമത്തിൽ) ഓപ്ഷൻ നൽകിയില്ല. അവധിക്കാലാവധികഴിഞ്ഞ് ടിയാൻ സാമൂഹ്യനീതി ഡയറക്ടറേറ്റിലോ, വനിതാ-ശിശുവികസന ഡയറക്ടറേറ്റിലോ നേരിട്ട് ഹാജരാകേണ്ടതായിരുന്നു. അത്തരത്തിൽ ഒരു നടപടിയും ടിയാന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ടിയാനെ വകുപ്പിൽ പ്രവേശിപ്പിക്കുന്നത് വകുപ്പിന് ഭാവിയിൽ കനത്ത ബാധ്യതയായിരിക്കുമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5.മേൽസാഹചര്യത്തിൽ ശ്രീ. മുഹമ്മദ് ഇസ്മയിൽ. ടി. വി.-യ്ക്കെതിരേ സാമൂഹ്യനീതി ഡയറക്ടർ പരാമർശം 2, 3, 4-എന്നിവ പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടിക്കെതിരേ ടിയാൻ സർ ക്കാരിൽ 31.10.2024-ൽ സമർപ്പിച്ച അപ്പീലപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മേൽപ്പറഞ്ഞതിൻ പ്രകാരം ഒറിജിനൽ ആപ്ലിക്കേഷൻ (ഇ.കെ.എം.) 1591/2024 നമ്പർ കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 9.12.2024-ലെ ഉത്തരവ് ഇതിനാൽ നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

1, ശ്രീ മുഹമ്മദ് ഇസ്മയിൽ. ടി. വി., ഹമീദ് മൻസിൽ, കൊയിലാണ്ടി,
കൊല്ലം പി ഒ, കോഴിക്കോട് - 673307
2, സാമൂഹ്യനീതി ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
3, അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
4, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (12.06.2025-ലെ അഡ്വൈസ്.ബി.1/132/2025/ഉ.ഭ.പ.വ നമ്പർ കുറിപ്പ് പ്രകാരം)
5, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
6, ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7, കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 07-07-2025 12:19:16
സെക്ഷൻ ഓഫീസർ